## സകൃദ്യദ്ദർശിതം രൂപമേതത് കാമായ തേƒനഘ
## മത്കാമശ്ശനകൈസ്സാധു: സർവ്വാൻ മുഞ്ചതി ഹൃച്ഛയാൻ (1–6–23)

നാരദമുനി തുടർന്നു:
അന്നെനിക്ക് അഞ്ചുവയസ്സായിരുന്നു പ്രായം. എല്ലാറ്റിനും ഞാൻ അമ്മയെ ആശ്രയിച്ചു കഴിഞ്ഞു പോന്നു. അമ്മയ്ക്കാകട്ടെ അവരുടെ ഏകസന്താനമായിരുന്ന എന്നോട് വലിയ സ്നേഹമായിരുന്നു. എനിക്കു നല്ലൊരു സുഖസമ്പന്നജീവിതം നൽകാൻ അവർ പരിശ്രമിച്ചെങ്കിലും അതുനടന്നില്ല. ദൈവനിയോഗത്തെമാറ്റാൻ ആർക്കാണുകഴിയുക? എല്ലാവരും ഭഗവൽക്കരങ്ങളിലെകളിപ്പാവകളത്രേ. അമ്മയോടുള്ള ആദരവുനിമിത്തം മാത്രമാണ് ഞാൻ ഗ്രാമത്തിൽ കഴിഞ്ഞുപോന്നത്. അല്ലാതെ അമ്മയോടോ ഗ്രാമത്തിനോടോ അതിരറ്റ അടുപ്പമുണ്ടായിരുന്നതുകൊണ്ടല്ല. ഒരുരാത്രി അമ്മ പാമ്പിൻെറകടിയേറ്റ് തൽക്ഷണം മരണപ്പെട്ടു. ഈ സംഭവത്തെ ഞാനാഗ്രഹിച്ചിരുന്നില്ലെങ്കിൽക്കൂടി ഒരു വരമായിക്കരുതി ഞാൻ ഗ്രാമംവിട്ടു വനത്തിലേക്കുനടന്നു. അവിടെ ധ്യാനയോഗാഭ്യാസങ്ങൾ പരിശീലിച്ച് മഹാത്മാക്കൾ പറയുന്നതുംകേട്ട് കഴിഞ്ഞുപോന്നു.

ഭഗവൽപാദാരവിന്ദങ്ങളിൽ ധ്യാനനിമഗ്നനായിരിക്കെ എൻെറയുള്ളം പ്രേമത്താൽനിറയുകയും ഹൃദയത്തിൽ അവിടുന്ന് ആമഗ്നനാവുകയുംചെയ്തു. ഞാൻ അതീവസന്തുഷ്ടനായി. ആ പരമാനന്ദം–എല്ലാ അറിവുകൾക്കു മപ്പുറമുള്ള ശാന്തി – ഞാൻ അനുഭവിച്ചറിഞ്ഞു. പക്ഷേ ആ ദർശനം ക്ഷണനേരംകൊണ്ടു മാഞ്ഞുപോവുകയും എൻെറഹൃദയം വേദനിക്കുകയും ചെയ്തു. അപ്പോൾ കരുണാമയനായ അവിടുത്തെ ശബ്ദം കേൾക്കുമാറായി. 'ഈ ജന്മത്തിൽ നിനക്ക് ആത്മസാക്ഷാത്കാരത്തിന് സാദ്ധ്യതയില്ല. ധ്യാനയോഗങ്ങളിൽ പരിപൂർണ്ണത നേടിയവനും ഹൃദയംപരിശുദ്ധീകരിച്ചവനും മാത്രമേ അതുസാദ്ധ്യമാവൂ. എന്നിലേക്കെത്താൻ ത്വരയുള്ളവൻെറ സകലമാനആഗ്രഹങ്ങളും ക്രമേണനീങ്ങി സ്വയം സ്വതന്ത്രനാവും എന്ന സത്യം നിന്നെ മനസ്സിലാക്കാനായി മാത്രമാണ് ഞാൻ നിനക്കൊരു ദർശനം തന്നത്. നീ മഹാത്മാക്കളായ ബ്രാഹ്മണരെ കുറച്ചു കാലത്തേക്കാണെങ്കിൽകൂടി സേവിച്ചുശുശ്രൂഷിക്കയാൽ നിൻെറ ഹൃദയം എന്നിൽ ശ്രദ്ധാഭക്തി യുള്ളതായിത്തീർന്നു. താമസംവിനാ നീയീ ശരീരം ഉപേക്ഷിക്കുകയും എൻെറ സേവകരി ലൊരാളായിത്തീരുകയും ചെയ്യും. നീയൊരിക്കലും എന്നെ മറക്കാനിടവരികയില്ല. വരാൻ പോകുന്ന പ്രളയകാലത്തിലും നിനക്കെൻെറ അനുഗ്രഹാശിസ്സുകൾ തുടർന്നുമുണ്ടാവും. ഈ ജന്മത്തിലെ സംഗതികൾ നിനക്ക് ഓർമ്മയുണ്ടായിരിക്കുകയും ചെയ്യും'. ഇങ്ങിനെ പറഞ്ഞ് അപ്രത്യക്ഷനായ അവിടുത്തെ തീരുമാനത്തെ ഞാൻ ശിരസ്സുനമിച്ചുസ്വീകരിച്ചു.

ആ ജന്മമെടുക്കാൻ കാരണമായകർമ്മഭാരം തീർന്നപ്പോൾ എനിക്കു മരണംസംഭവിക്കുകയും ഞാൻ ഭഗവൽ പാർഷദന്മാരിലൊരാളായിത്തീരുകയും ചെയ്തു. സർവ്വചരാചരങ്ങളും ബ്രഹ്മാവുതന്നെയും ഭഗവാനിൽ വിലീനമായി. ഞാനുമാദേഹത്തിൽ കുടിയേറി. പിന്നീട് കുറേക്കാലംകഴിഞ്ഞ് ഭഗവാൻ സ്വപ്രേരണയാൽ സൃഷ്ടിയാഗ്രഹിച്ചപ്പോൾ ബ്രഹ്മാവെന്നെ മറ്റ് ഋഷിമാരോടൊപ്പം സൃഷ്ടിച്ചു. അന്നുമുതൽ ഞാൻ അണ്ഡകാഹം മുഴുവൻ ഈവീണയും വായിച്ചുകൊണ്ട്, അവിടുത്തെ നാമം ജപിച്ചുകൊണ്ട്, ആ മഹിമകളെ വർണ്ണിച്ചുകൊണ്ട്, സ്വതന്ത്രനായി സഞ്ചരിക്കുകയാണ്. അങ്ങിനെയാഭഗവൽരൂപം എൻെറഹൃദയം നിറഞ്ഞിരിക്കുന്നു. ഭഗവാൻെറ നാമാലാപനവും കഥാകഥനവും തന്നെയാണ് സാക്ഷാത്കാരപ്രാപ്തിക്കുള്ള –ഈ സംസാരസാഗരം കടക്കുന്നതിനുള്ള– ഏകമാർഗ്ഗം. ഇഹലോകസുഖസമ്പത്തുകളിൽ മഴുകിക്കിടക്കുന്ന ഹൃദയത്തെ മറുകരയടുപ്പിക്കുവാൻ ഉതകുന്ന തോണിയെന്നനിലയിൽ ഭഗവദവതാരകഥകളെ എഴുതി അവതരിപ്പിക്കാൻ ഞാൻ അങ്ങയെ ആഹ്വാനം ചെയ്യുന്നു.